സമഗ്ര ഗുണമേന്മ
വിദ്യാഭ്യാസ പദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ



## ചാലിയക്കര
## എസ്റ്റേറ്റ് എൽ.പി.എസ്

**2025-2026**

# ആമുഖം

കൊല്ലം ജില്ലയിലെ കിഴക്കൻ മലയോര ഗ്രാമപഞ്ചായത്തായ തെന്മലയുടെ പടിഞ്ഞാറുഭാഗത്ത് സ്ഥിതിചെയ്യുന്ന പ്രകൃതി രമണീയമായ പ്രദേശമാണ് ചാലിയക്കര. ഈ ഗ്രമത്തിലെ ഏക പൊതുമേഖലാ സ്ഥാപനമാണ് ഈ കൊച്ചു വിദ്യാലയം. ഏവരാലും ആകർഷിക്കപ്പെട്ടതാണ് ഈ ഗ്രാമ വിദ്യാലയം. ഗ്രാമവാസികളായ കുട്ടികളുടെ വിജ്ഞാനത്തിന്റെ വാതായനങ്ങൾ ഇവിടെ തുറക്കപ്പെടുന്നു. 1953-ൽ ചാലിയക്കര എസ്റ്റേറ്റിലെ തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കുന്നതിന് വേണ്ടി പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം ആരംഭിച്ച സ്കൂളാണ് എസ്റ്റേറ്റ് എൽ.പി. എസ്. വിദ്യാഭ്യാസപരമായും സാംസ്കാരികമായും പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള ഏക ആശ്രയം ഈ വിദ്യാലയമാണ്. സാമ്പത്തിക പിന്നോക്കാവസ്ഥയിലാണെങ്കിലും ഇവിടത്തെ വിദ്യാർത്ഥികൾ പഠന നിലവാരത്തിലും, കായികപരമായ കഴിവിലും മുൻപന്തിയിലാണ്. സമൂഹത്തിൽ ഉന്നതശ്രേണിയിൽ എത്തിയ ഈ പ്രദേശത്തെ ധാരാളം വ്യക്തികൾ വിദ്യാലയത്തിന്റെ സംഭാവനയാണ്. എങ്കിലും പുതിയ അൺ-എയ്ഡഡ് സംസ്കാരം സ്കൂളിന്റെ ശോഷണത്തിന് കളമൊരുക്കി. മാനേജ്മെന്റ്, പി.ടി.എ, എസ്.എസ്.ജി കൂട്ടായ്മയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നത് ഈ വിദ്യാലയത്തിന് ഏറെ ഗുണം ചെയ്യുന്നു. ആവശ്യത്തിന് ക്ലാസ്സ്മുറികൾ, യൂറിയനുകൾ, കമ്പ്യൂട്ടർ ലാബ് സൗകര്യം മറ്റ് അക്കാദമിക സൗകര്യങ്ങൾ ഇവ ഇന്ന് ഈ സ്കൂളിനുണ്ട്. പൊതുമേഖലാ വിദ്യാഭ്യാസത്തോടുള്ള ജനങ്ങളുടെ അവജ്ഞ, ഗ്രാമവാസികളുടെ സാമ്പത്തിക ഉന്നതി, പൊതുമേഖലാ സ്ഥാപനങ്ങൾ ജനങ്ങൾക്കുവേണ്ടിയുള്ളതാണെന്ന ബോധമില്ലായ്മ ഇവ ഇടക്കാലത്ത് അൺ-എയ്ഡഡ് വിദ്യാലയങ്ങളിലേക്ക് കുട്ടികളെ വിട്ടുപഠിപ്പിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു. ഇപ്പോൾ ഈ സ്ഥിതിക്കു മാറ്റം വന്നിരിക്കുന്നു. രക്ഷിതാക്കളുടെ താലപര്യമനുസരിച്ച് ഇംഗ്ലീഷ്ഭാഷാ പ്രാവീണ്യത്തിനു മുൻഗണനകൊടുത്ത് മികച്ച പഠനാനുഭവങ്ങൾ കൊടുത്ത് കുട്ടികളെ സ്കൂളിലേക്കാകർഷിക്കാൻ കഴിയുന്നുണ്ട്.

# വിദ്യാലയത്തിന്റെ കാഴ്ചപ്പാട്

- ❖ വിദ്യാലയത്തിൽ എത്തുന്ന മുഴവൻ കുട്ടികൾക്കും എഴുത്തും വായനയും സ്വായത്തമാക്കാൻ കഴിയും.
- ❖ അറിവിന്റെ ഉയർന്നതലങ്ങളിലെത്താൻ കഴിയുന്ന പഠനാവസരം ലഭ്യമാക്കും.
- ❖ വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കും.
- ❖ പ്ലാസ്റ്റിക് വിമുക്തവും കീടനാശിനി വിമുക്തവുമായ വിദ്യാലയ അന്തരീക്ഷം രൂപപ്പെടും
- ❖ വിദ്യാർത്ഥികളുടെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കും
- ❖ വിദ്യാർത്ഥികളുടെ കായിക അഭിരുചി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തും
- ❖ പിന്നോത്തം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പഠന പ്രവർത്തനങ്ങൾ കണ്ടെത്തും.
- ❖ മെച്ചപ്പെട്ട വായന സംസ്കാരം വളർത്തും.
- ❖ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തും. ആകർഷകമാക്കും.

# പൊതുലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കൽ
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവുകളെ പരമാവധി വികസിപ്പിക്കുക.
- മാതൃഭാഷയെ അറിയുന്നതോടൊപ്പം ഇംഗ്ലീഷും ആശയ വിനിമയത്തിനുപയോഗിക്കാത്തക്കവിധത്തിലുള്ള പടന സാധ്യമാക്കൽ.
- സസ്യസംരക്ഷണത്തിലൂടെ പ്രകൃതിയെ അറിയാനും സ്നേഹിക്കാനും പടിപ്പിക്കുന്നു.
- പ്രാദേശികമായി ലഭ്യമാക്കുന്ന വിഭവങ്ങളെ ഉപയോഗിക്കാൻ (സാഹിത്യക്കാരൻമാർ, ചിത്രകാരൻമാർ, കർഷകർ, കായിക പരിശീലകർ, അധ്യാപകർ, സാംസ്കാരിക പ്രവർത്തകർ
- ഓരോ കുട്ടിയുടെയും മികവിനെ ടാലന്റ് ലാബിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തി സവിശേഷ കഴിവുകളെ പരിപോഷിപ്പിക്കൽ
- കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കൽ

# അവസ്ഥാ വിശകലനം
## വിദ്യാലയം പൊതുവിശകലനം

ചാലിയക്കര എസ്റ്റേറ്റ് എൽ.പി.എസ് സ്ഥാപിതമായിട്ട് 71 വർഷം തികയുന്നു. ഈ ഗ്രാമത്തിലേയും അയൽ ഗ്രാമത്തിലേയും കുട്ടികൾ യാതൊരു വിവേചനവും കൂടാതെ പ്രാഥമിക വിദ്യാഭ്യാസം നേടിയിരുന്നത് ഈ വിദ്യാലയത്തിൽ നിന്നാണ്. സമൂഹത്തിന്റെ വിവിധ മേഖലകളിലെ പ്രതിഭകളായ വ്യക്തികൾ ഈ വിദ്യാലയത്തിന്റെ സംഭാവനയാണ്. ആവശ്യത്തിന് ക്ലാസ്സുമുറികൾ, യൂറിനലുകൾ, കമ്പ്യൂട്ടർലാബ് സൗകര്യം മറ്റ് അക്കാദമിക സൗകര്യങ്ങൾ ഇവ ഇന്ന് ഈ സ്കൂളിനുണ്ട്.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള ജനങ്ങളുടെ അമിത താല്പര്യം, പൊതു വിദ്യാഭ്യാസത്തിന്റെ ഗുണ മേന്മയെ മനസ്സിലാക്കുനുള്ള ബോധമില്ലായ്മ ഇവ അൺ എയ്ഡഡ് സ്കൂളിലേക്ക് കുട്ടികളെ വിട്ടുപഠിപ്പിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു.

കാലങ്ങളുടെ താരതമ്യം നടത്തിയാൽ ഈ സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിപ്പോയ കുട്ടികൾ അവരുടെ കഴിവിനനുസരിച്ചുള്ള ജോലി സമ്പാദിക്കുകയും സ്വയം പര്യാപ്തതയിലെത്തുകയും ചെയ്തു. ഇപ്പോൾ വിദ്യാലയം അനാദായകരമായി പ്രവർത്തിക്കുന്നവയുടെ പട്ടികയിലാണ് രക്ഷകർത്താക്കളുടെയും പൊതുസമൂഹത്തിന്റെയും താല്പര്യമനുസരിച്ച് ഇംഗ്ലീഷ് പഠനത്തിനുകൂടി മുൻഗണനകൊടുത്ത് കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷിക്കാൻ വേണ്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകി നടത്തിവരുന്നു.

# തനതു പ്രവർത്തനം

## 1 സ്കൂൾ പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം.

ലക്ഷ്യങ്ങൾ

- കുട്ടികളിൽ കൃഷിയിൽ താല്പര്യമുണ്ടാക്കുന്നതിന്
- പച്ചക്കറികൾ തിരിച്ചറിയുന്നതിന്
- വിഷരഹിത പച്ചക്കറികൾ ഉണ്ടാക്കുന്നതിന്
- ഗുണമേന്മയുള്ള പച്ചക്കറികൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിന്
- സ്കൂൾ ഉച്ചഭക്ഷണത്തിന് ഉപയോഗയോഗ്യമാക്കുന്നതിന്
- ഔഷധസസ്യങ്ങൾ തിരിച്ചറിയുന്നതിന്
- ഓരോ സസ്യത്തിന്റെയും ഔഷധ ഗുണങ്ങൾ മനസ്സിലാക്കുന്നതിന്.

## 2. ഡിജിറ്റൽ ലോഗ് ബുക്ക്

ഓരോ ക്ലാസ്സിലും അധ്യാപകർ ദൈനം ദിനം പഠിപ്പിക്കുന്ന യൂണിറ്റും അതിലെ അതാതു ദിവസം പഠിപ്പിക്കുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള രേഖ.

## 3. കനവ്

സ്കൂളിൽ പഠിക്കുന്ന കുട്ടികളിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറയ്ക്കാത്തവരെ അതിൽ പ്രാപ്തരാക്കി എഴുത്തിലും വായനയിലും മുന്നോട്ടു കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പ്രവർത്തനം. (ചുമതല - ക്ലാസ്സ് ടീച്ചർമാർ)

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1. എല്ലാ കുട്ടികളെയും നന്നായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്ന് ഉറപ്പു വരുത്തുക.
3. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക.
4. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക. [ഭാഷാവികസനത്തിന്]
5. മികച്ച വായനാശീലം വളർത്തുക.

# ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
3. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
4. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക.
5. 'ഹലോ ഇംഗ്ലീഷ്' പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക.
6. ക്ലാസ്തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ

ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സ്വീകരിക്കുക

# ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവന ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക.
- ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.
- ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
- ഉല്ലാസഗണിതം, ഗണിതവിജയം പ്രവർത്തനങ്ങൾ കുട്ടികൾക്ക് ഗണിത താല്പര്യം വർദ്ധിപ്പിക്കുന്നതിൽ പ്രയോജനപ്പെടുത്തുക.

# ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ

* വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക.
* ക്ലാസ് റൂം പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാവാൻ വിവരസാങ്കേതികവിദ്യയെ പ്രയോജനപ്പെടുത്തുക.
* അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുക.
* കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കുവാനുള്ള സാഹചര്യം ഒരുക്കുക.

# മലയാളം

മേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| കുട്ടിക്ക് എഴുത്തിലും വായനയിലും പ്രാവീണ്യം നേടുക. | സംയുക്ത ഡയറി. (1) | I, II | ജൂൺ മുതൽ മാർച്ച് | അധ്യാപകർ |
| | സചിത്ര പാഠപുസ്തകം (2) | I, II | ,, | |
| | സർഗ്ഗാത്മക ഡയറി. (3) | III & IV | | |
| | കാവ്യാവിഷ്കാരം (4) | | ജൂൺ മുതൽ. | |
| സർഗ്ഗാത്മക ശേഷി വളർത്തുക. | കാവ്യോത്സവം<br>കവിത ആലാപനം താളത്തിൽ അവതരിപ്പിക്കൽ | IV | ഫെബ്രുവരി മാർച്ച്. | അധ്യാപകർ, P.TA. |
| മികച്ച വായനശീലം വളർത്തുക | സ്കൂൾ ലൈബ്രറി.<br>സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ. | | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. |
| ,, | എന്റെ പിറന്നാൾ പുസ്തകം.<br>എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ഉണ്ടാകുന്നു.<br>പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകം ശേഖരിക്കുന്നു. | I to V | | |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ക്ലാസ്തല പതിപ്പുകൾ.<br>ക്ലാസ്സിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ | III & IV | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ. |
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | എന്റെ വായനക്കുറിപ്പുകൾ<br>വായിച്ച പുസ്തകങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൽ.<br>ചെറിയ ക്ലാസ്സിൽ വായനകാർഡ്. | III & IV | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ. |

# പരിസരപഠനം

∴ പ്രവർത്തനം: എല്ലാ കുട്ടികളിലും ശാസ്ത്രാഭിരുചി വളർത്തൽ.

∴ ഉപമേഖല : നിരീക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| നിരീക്ഷണത്തിലൂടെയും വിവരശേഖരണത്തിലൂടെയും ചുറ്റുപാടുമുള്ള വസ്തുക്കളെ കുറിച്ച് ധാരണ വളർത്തുക. | പരിസരനടത്തം Std: 1.<br>മഴ നിരീക്ഷണം<br>(പരിസരത്തെ മാറ്റങ്ങൾ നിരീക്ഷിക്കൽ)<br>പരിസരത്തുള്ള സസ്യങ്ങൾ, സൂക്ഷ്മജീവികൾ എന്നിവയെ നിരീക്ഷിച്ച് (പ്രത്യേകതകൾ മനസ്സിലാക്കൽ, പേര് ലിസ്റ്റ് ചെയ്യൽ. (II)<br>കുറിപ്പ് തയ്യാറാക്കൽ (III, IV, V) | ജൂൺ ആദ്യം | അധ്യാപകർ |
| 2. ശാസ്ത്രപഠന താല്പര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക. | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ. (കുമിള പറത്തൽ Std: I<br>വെള്ളം കുടിക്കുന്ന സ്പോഞ്ച്) (Std: II)<br>സ്വയം പരീക്ഷണത്തിലേർപ്പെടൽ<br>പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>അവതരിപ്പിക്കൽ. (Std: III, IV, V) | ജൂൺ മുതൽ ഓരോ മാസത്തിലും. | ശാസ്ത്രക്ലബ്ബ് അധ്യാപകർ |
| ചുറ്റുപാടുമുള്ള വസ്തുക്കളെ ശാസ്ത്രാഭിരുചി വളർത്തുന്ന രീതിയിൽ ശേഖരിച്ചു സൂക്ഷിക്കുന്നതിന് | ആൽബം തയ്യാറാക്കാം<br>ഇലകൾ, വേരുകൾ, മണ്ണുകൾ സ്റ്റാമ്പുകൾ, തൂവലുകൾ ഇത്തരത്തിൽ പാഠഭാഗവുമായി ബന്ധപ്പെട്ട വസ്തുക്കളെ വളരെ ഭംഗിയായി ക്രമീകരിച്ച് സൂക്ഷിക്കുന്നതിന് ആൽബം തയ്യാറാക്കാം<br>(1-ാം ക്ലാസ്സ് മുതൽ 5-ാം ക്ലാസ്സ് വരെ) | ജൂൺ പകുതിയോടെ ആരംഭിച്ച് | ക്ലാസ് ടീച്ചർ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും ഉറപ്പിക്കുക | പ്രവർത്തനം:1 ഗണിതകേളികൾ. കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിതലാബ് സജ്ജീകരിച്ച് ഗണിതകേളികളിൽ ഏർപ്പെടൽ. | എല്ലാ മാസത്തിലും. | ഗണിതക്ലബ്ബ് |
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | വർക്ക്ഷീറ്റ് തയ്യാറാക്കൽ. എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ. | ജൂൺ മുതൽ എല്ലാ മാസത്തിലും. | ക്ലാസ് ടീച്ചർ. |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിന് | പ്രവർത്തനം:3 ഗണിതമൂല. എല്ലാ ക്ലാസ്സിലും ഗണിതമൂലകൾ ക്രമീകരിക്കൽ. | ജൂൺ മുതൽ. | അധ്യാപകർ. |
| ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്നുറപ്പാക്കുക. | പ്രവർത്തനം:4 യൂണിറ്റ് ടെസ്റ്റ്. ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പഠിതാവ് ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ. |

# ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | പ്രവർത്തനം: 5<br>ഉല്ലാസഗണിതം, ഗണിതവിജയം<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ (ഉല്ലാസഗണിതം, ഗണിതവിജയം) 1, 2 ക്ലാസ്സുകളിൽ ഉല്ലാസഗണിതത്തിലെയും 3,4,5 ക്ലാസ്സുകളിൽ ഗണിത വിജയത്തിലെയും പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർ. |
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | 2. ഗണിത വർക്ക്ഷീറ്റ്.<br>എല്ലാ ക്ലാസ്സ് യൂണിറ്റിലെയും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ. | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ. |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിന്. | 3. ഗണിതമൂല.<br>എല്ലാ ക്ലാസ്സിലും ഗണിത മൂലകൾ ക്രമീകരിക്കൽ. | | |

# ENGLISH

പേര്: ഇംഗ്ലീഷ് അസംബ്ലി. (1)

ഉപമേഖല: പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ. | ആഴ്ചയിൽ ഒരു ദിവസം അസംബ്ലിയിൽ ഇംഗ്ലീഷ് പരിപാടികൾ (story, pledge rhyme, riddles etc) അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ. | ഇംഗ്ലീഷ് ക്ലബ്ബ്. |
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | പ്രവർത്തനം:2. ഇംഗ്ലീഷ് ഡയറി. വീട്ടിലെയും വിദ്യാലയത്തിലെയും ഓരോ ദിവസത്തെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുന്നതിന്. | ആഴ്ചയിൽ ഒരു ദിവസം | ടീച്ചേഴ്സ്. |
| Readers theatere. | ഇംഗ്ലീഷ് story-യോ text-ലെ ഏതെങ്കിലും യൂണിറ്റിലെ ഭാഗമോ പൊതുവേദിയിൽ ഉറക്കെ വായനയായിട്ട് വായിക്കുന്നതിന് | ജൂൺ മുതൽ മാർച്ച് വരെ ഫെബ്രുവരി | ടീച്ചേഴ്സ് |
| Hellow English activities ലൂടെ ഇംഗ്ലീഷിൽ വായിക്കുന്നതിനും എഴുതുന്നതിനുമുള്ള ശേഷി കൈവരിക്കുന്നതിന് | 3. Hellow English activities. കുട്ടികൾക്ക് ഇംഗ്ലീഷിനോട് താല്പര്യം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ = skit, story telling reddles, rhymes, Sentence making മുതലായവയിലൂടെ English language -ലുള്ള ശേഷി കൈവരിക്കുന്നു. | ഓരോ മാസത്തിലും | |